# ഭഗവദ്ഗീതാ തത്ത്വപ്രവേശിക

സ്വാമി ഭൂമാനന്ദതീർഥർ

ब्रह्मविद् आप्नोति परम्

നാരായണാശ്രമതപോവനം
വെങ്ങിണിശ്ശേരി, തൃശ്ശൂർ
കേരളം 680563, ഇന്ത്യ

Bhagavadgītā-tattvapraveśika
by Swami Bhoomananda Tirtha

Published by :
© Managing Trustee
Narayanashrama Tapovanam
Venginissery, P.O.Paralam
Thrissur Dist., Kerala 680 563
India.

email: ashram@bhoomananda.org
Website: http://www.bhoomananda.org

First Edition: December 2023

All rights are reserved. No part of this publication may be reproduced, stored in a retrieval system or transmitted, in any form or by any means, mechanical, photocopying, recording or otherwise, without prior written permission from the publisher.

ISBN: 978-93-80695-71-6

Printed & Packed by SCPL, Bengaluru, enquiry@scpl.net

# ഈ പ്രസിദ്ധീകരണത്തെപ്പറ്റി

സംപൂജ്യ സ്വാമിജി സുമാർ 67 വർഷങ്ങളിലേറെയായി ജ്ഞാനയജ്ഞങ്ങളും മറ്റുംവഴി സ്വദേശത്തും വിദേശങ്ങളിലുമുള്ള ജനങ്ങളെ ഭഗവദ്ഗീതയെപ്പറ്റി ഉദ്ബുദ്ധരാക്കിവരുകയാണല്ലോ. സുപ്രസിദ്ധമായ ഭഗവദ്ഗീതയ്ക്കു പല വ്യാഖ്യാനങ്ങളുമുണ്ട്. ഇനിയൊന്നുകൂടി എഴുതാൻ സംപൂജ്യ സ്വാമിജിയ്ക്ക് അത്ര താത്പര്യം തോന്നിയില്ല. അപ്പോൾ സ്വാമി നിർവിശേഷാനന്ദതീർഥജിയാണ്, ഭഗവദ്ഗീതയിലെ പ്രധാന തത്ത്വചിന്തകളെപ്പറ്റി മുൻപിൻ അധ്യായങ്ങൾ കൂട്ടിയിണക്കിയുള്ള ഒരവതരണം ജിജ്ഞാസുക്കൾക്കും വിദ്യാർഥികൾക്കും ഏറെ ഉപയുക്തമാകുമെന്നു പറഞ്ഞത്.

അങ്ങനെയാണ് സംപൂജ്യസ്വാമിജി ആറു വാല്യങ്ങളുള്ള 'എസൻഷ്യൽ കോൺസെപ്റ്റ്സ് ഇൻ ഭഗവദ്ഗീത' എന്ന പരമ്പര രചിച്ചത്. 'ഭഗവദ്ഗീതയിലെ അടിസ്ഥാനതത്ത്വങ്ങൾ' എന്ന പേരിൽ സംപൂജ്യ സ്വാമിജിതന്നെ എഴുതിയ പരിഭാഷ 2014-2018 കാലയളവിൽ ആശ്രമത്തിൽനിന്നു പ്രസിദ്ധീകരിയ്ക്കയുണ്ടായല്ലോ.

അതേ ചുവടുപിടിച്ചാണ്, 'ഇൻസൈറ്റ്സ് ഇന്റു ഭഗവദ്ഗീത' എന്ന പുസ്തകത്തിനു പൂജ്യസ്വാമിജിതന്നെ എഴുതിയ മലയാളപരിഭാഷ 'ഭഗവദ്ഗീതാതത്ത്വപ്രവേശിക' എന്ന പേരിൽ ഇതാ ഇറക്കുന്നത്. ഭഗവദ്ഗീതയിന്മേൽ രചിച്ച ഈ രണ്ടാം പുസ്തകത്തിനുള്ള പശ്ചാത്തലം സംപൂജ്യ സ്വാമിജിയുടെതന്നെ ആമുഖത്തിൽ വിവരിയ്ക്കുന്നുണ്ട്.

കൃഷ്ണജീവിതത്തിൽ മുഴച്ചുനില്ക്കുന്നത് അദ്ദേഹം അർജുനന്നും ഉദ്ധവന്നും നല്കിയ രണ്ട് ഉപദേശങ്ങളാണ്. അതിൽ 45 ലക്ഷം പടയാളികൾക്കു നടുവിൽ, രഥത്തിൽ നിന്നും ഇരുന്നുംകൊണ്ട് നടത്തിയ സംവാദമാണ് ഭഗവദ്ഗീത. ഇതിൽ ആദ്യന്തം കർമോന്മുഖതയെയാണ് ഊന്നിപ്പറയുന്നത്. അതിനാൽ ഈ സംവാദം കുട്ടികളടക്കം, വളരുന്ന യുവാക്കൾക്ക് അത്യന്തം പ്രേരകവും ശക്തിപ്രദവുമാണ്.

മാനവരാശിയുടെ ഭദ്രതയ്ക്ക് അനിവാര്യമാണല്ലോ ഭരണ സംവിധാനം. അതിൽ ഒഴിച്ചുകൂടാത്തതാണ് ശിക്ഷാനടപടികൾ. അതുപോലെതന്നെയാണ് ശത്രുക്കളെ നേരിടുന്ന അടുത്തപടിയും. എത്ര വേദനാജനകമായാലും മനുഷ്യരാശിയെ ശരിയ്ക്കും നയിയ്ക്കാൻ ഇത് അത്യന്താപേക്ഷിതംതന്നെ.

സാധാരണക്കാർക്ക് അർജുനൻ ചെയ്തതുപോലുള്ള യുദ്ധം വേണ്ടിവരില്ലെന്നു തീർച്ച; എന്നാലോ, ജീവിതമെന്ന യുദ്ധം ഏവർക്കും അനിവാര്യമാണല്ലോ. ദു:ഖം, സംശയം, ഭയം, അറിവില്ലായ്മ, ഇത്തരം വിഷമങ്ങൾ ആരേയും എപ്പോൾവേണമെങ്കിലും ജീവിതത്തുറയിൽ നേരിടാം. അർജുനൻ എങ്ങനെ കൃഷ്ണന്റെ ഉപദേശത്താൽ ഇവയെയൊക്കെ കവച്ചുവെച്ച്, തന്റെ ദൗത്യം സമർഥമായി നിർവഹിച്ചുവോ, അതുപോലെ ആർക്കും തന്റെ കർമദൗത്യം നിറവേറ്റാൻ ആവോളം സഹായിയ്ക്കുന്നതാണ് രണഭൂമിയിലെ ഈ അർജുനകൃഷ്ണസംവാദം.

ആശ്രമത്തിലെ മറ്റു പ്രസിദ്ധീകരണങ്ങൾപോലെ ഇതും, വിശേഷിച്ചും കർമോന്മുഖരായ യുവാക്കൾക്ക്, അതീവ പ്രയോജനപ്പെടുമെന്നു വിചാരിയ്ക്കുന്നു.

നാരായണാശ്രമതപോവനം

ഡിസംബർ 2023

# ആമുഖം

## ഭഗവദ്ഗീത - മനുഷ്യജീവിതത്തേയും അതിലെ സമ്പർക്കങ്ങളേയും കുറിച്ചുള്ള പൂർണവിവരണം

**ഹരിഃ ഓം തത് സത്.** ഞാൻ കഴിഞ്ഞ 67 വർഷങ്ങളായി ഭഗവദ്ഗീതയിൽ ജീവിയ്ക്കയും ചരിയ്ക്കയും ചെയ്തുവരുന്നു. ആദ്യം അതു ലളിതശീലനും നിഷ്ഠാബദ്ധനുമായ ജ്ഞാനകുതുകിയായായിരുന്നു; എന്നാൽ താമസിയാതെ സ്വദേശത്തും വിദേശത്തുമുള്ള ജിജ്ഞാസുക്കൾക്കും സാധകർക്കും ഗീതാതത്ത്വമൂല്യങ്ങൾ വിവരിച്ചുകൊടുക്കാനുള്ള സമഗ്രസംന്യാസദൗത്യമായി അതു വളർന്നു. ഇതെല്ലാംതന്നെ അധ്യാത്മജീവിതത്തോട് എനിയ്ക്കുള്ള ഗാഢമായ സ്നേഹത്തേയും സംപൂർണ സമർപ്പണത്തേയും ചൊല്ലി സംഭവിച്ചതാണ്.

ഒരുവൻ പഠിച്ചെടുത്ത അറിവിനെ അതിന്റെ പ്രത്യേക മേഖലയിൽ, സാങ്കേതികവിദ്യയുടെ കാര്യത്തിലെന്നപോലെ, വിനിയോഗിയ്ക്കുന്നതൊന്ന്; എന്നാൽ മറ്റെല്ലാംവിട്ട്, തനിയ്ക്കു കൈവന്ന നിധിയെ പൂർണസമർപ്പണത്തോടെ മറ്റുള്ളവർക്കു പ്രദാനംചെയ്യുന്ന ദൗത്യം സ്വീകരിയ്ക്കുക, തികച്ചും വ്യത്യസ്തമായ നീക്കംതന്നെ. ഞാൻ എല്ലാംവിട്ട് ഈ ഉള്ളാഹ്വാനത്തെ പിന്തുടരാനാണ് നിശ്ചയിച്ചത്.

എന്റെ ഗുരുദേവ് ദീക്ഷനല്കി ബ്രഹ്മവിദ്യ എന്ന ആത്മജ്ഞാനശാസ്ത്രത്തിലേയ്ക്കു പ്രവേശിപ്പിച്ചതുമുതൽ, ഞാൻ ആ ഉൾത്തുറപ്പിലും അനുഭവസാക്ഷാത്കാരത്തിലും നിമഗ്നനായി. മുമ്പു ഞാൻ എന്തായിരുന്നുവോ അതുപോലെ തുടരാൻ എനിയ്ക്കു കഴിഞ്ഞില്ല. തടുക്കവയ്യാത്ത ഒരു കുതിപ്പ് എന്നിൽ പൊട്ടിവിരിഞ്ഞു. തനിയ്ക്കു സിദ്ധിച്ച അറിവിനോടുള്ള പൂർണസമർപ്പണമായി, അതേഅറിവിനെ ജീവിതത്തിൽ സമഗ്രമായി പിന്തുടരുന്നതിനും, സമാജത്തിനുവേണ്ടി പ്രചരിപ്പിയ്ക്കുന്നതിനുമായി ഞാൻ സംന്യസ്തതപസ്വിയായിത്തീർന്നു.

ഈ പുണ്യഭൂമിയിൽ, അവരവരുടെ ഗുരുദേവ്മാരുടെ ശിക്ഷണാനുഗ്രഹത്താൽ കൈവന്ന ജ്ഞാനം, അനുധാവനം ചെയ്യാനും പ്രചരിപ്പിയ്ക്കാനുമായി മറ്റെല്ലാം ഉപേക്ഷിയ്ക്കുന്ന സമർപ്പിതജിജ്ഞാസുക്കൾ എപ്പോഴുമുണ്ടാകും. ആധ്യാത്മിക അധ്യാപനവും അധ്യയനവും വെറും ഭൗതികമോ വാചികമോ അല്ല; അടുത്തുചെന്നു ഗുരുവുമായുള്ള കനത്ത സമ്പർക്കംവഴി നേടിയെടുക്കുന്നതാണ് അത്.

ആദ്യമായി സഞ്ചാരജീവിതം തുടങ്ങിയപ്പോൾ എനിയ്ക്ക് ഒരു ഉദ്ദേശവും ഉണ്ടായിരുന്നില്ല. ഒരു ജോഡി മുണ്ടും ഉത്തരീയവും തോർത്തുമായി ഞാൻ കാൽനടയായി സഞ്ചരിയ്ക്കാൻ തുടങ്ങി. രണ്ടാംദിവസം ഒരു വൈദികവാധ്യാരാണ് എന്നെ സ്വഗൃഹത്തിലേയ്ക്കു സ്വാഗതംചെയ്തുകൊണ്ടുപോയത്; പ്രാതൽനല്കി അവിടെ താമസിപ്പിച്ചു. അദ്ദേഹത്തിന്റെ മകൻ ഒരു പിച്ചളത്തളികകൊട്ടി ഗ്രാമവാസികളെ അറിയിച്ചു: 'എല്ലാവരും ക്ഷേത്രംഹാളിൽ വന്നുചേരണം. ഒരു സ്വാമി നമ്മെ അഭിസംബോധനചെയ്യും.'

ജീവിതത്തിൽ ഞാൻ ആദ്യമായി ഭഗവദ്ഗീതയെ ആധാരമാക്കി നല്കിയ ഭാഷണമാണത്. അതേത്തുടർന്ന് എന്തെല്ലാം ഉണ്ടായെന്ന് എനിയ്ക്കറിയില്ല; എന്നാൽ ഒരു ഗ്രാമത്തിൽനിന്ന് ഇനിയൊന്നിലേയ്ക്ക്, ഒരു പട്ടണത്തിൽനിന്നു മറ്റൊന്നിലേയ്ക്ക്, ഭാരതത്തിൽനിന്നു വിദേശങ്ങളിലേയ്ക്കുമെന്ന ക്രമത്തിൽ എന്നെ കൊണ്ടുപോയി തത്ത്വജിജ്ഞാസുക്കളെ അഭിസംബോധന ചെയ്യിയ്ക്കുന്ന വിശേഷമാണ് പിന്നെ കണ്ടത്. ഇങ്ങനെയാണ് എന്റെ ഭഗവദ്ഗീതാപ്രചരണജീവിതം ആരംഭിച്ചത്; അത് ഇപ്പോഴും തുടരുന്നു! ഇതു 63-ാം വർഷമാണ്.*

ഭഗവദ്ഗീതാശ്ലോകങ്ങളേയും അവയുടെ സന്ദേശത്തേയും കുറിച്ചു കൂടുതൽ ചിന്തിയ്ക്കാനുള്ള നിർബന്ധം എന്നിൽ ഉടലെടുത്തു. ചരിത്രാതീതകാലംതൊട്ട്, എന്നുവെച്ചാൽ വേദം ശാശ്വതമായ ഉപനിഷത്തത്ത്വവിജ്ഞാപനങ്ങളായി പ്രത്യ

---

* 2023ൽ 67 വർഷമായി.

ക്ഷപ്പെട്ടതുമുതൽ, നമ്മുടെ പൂർവികരുടെ ക്രിയകളും പ്രത്യയ ശാസ്ത്രങ്ങളും വളർന്നുവന്നത് എങ്ങനെയെന്നതേക്കുറിച്ചു ള്ള മൂല്യനിർവചനം, ഓരോ ശ്ലോകത്തിനുമുള്ള സ്ഥാനമൂല്യ മഹിമകളെക്കുറിച്ച് ആലോചിയ്ക്കാൻ എന്നെ പ്രേരിപ്പിച്ചു.

ഗീതാശ്ലോകങ്ങളെ അവയുടെ അന്തർഗതമായ അർഥം, പ്രസക്തി, ഉദ്ദേശം, ഇതെല്ലാം വെളിപ്പെടുത്തിക്കൊണ്ട് വിവരി യ്ക്കാൻ ഞാൻ എപ്പോഴും ഇച്ഛിച്ചിരുന്നു; എന്നാലോ ആ ഗ്രന്ഥ ത്തിൽ സ്വല്പവും കൈകടത്തുകയുമരുതെന്ന് എനിയ്ക്കു നിർ ബന്ധമാണ്. ഇക്കാര്യത്തിൽ നേരിട്ടുള്ള അനുഭവസാക്ഷാത്കാ രം നല്കുന്ന വീക്ഷണമാണ് എനിയ്ക്ക് അന്തിമാടിസ്ഥാനം.

സ്വയം സാക്ഷാത്കരിയ്ക്കാത്ത ഒന്നുംതന്നെ ഇതിൽ എ ഴുതീട്ടില്ല. അതിനാൽ ഈ പുസ്തകം പരമ്പരാഗതമായി വ ന്നിട്ടുള്ള വ്യാഖ്യാനങ്ങളിൽനിന്നു തികച്ചും വ്യത്യസ്തമായി ത്തോന്നാം. കൃഷ്ണനുമായി എനിയ്ക്കുള്ള താദാത്മ്യവും ഏകത്വവുമാണ് ഇതിൽ വിവരിച്ചിട്ടുള്ള എന്തിനുമുള്ള വിഭവ സ്രോതസ്സ്. കൃഷ്ണനെന്നു പറഞ്ഞാലോ, പരമതത്ത്വംതന്നെ!

### ഗീത മതമേഖലയെ അതിജീവിയ്ക്കുന്നു

കൃഷ്ണന്റെ ഗീത കുരുക്ഷേത്രരണഭൂമിയിൽ അവിചാരി തമായി നടന്ന സംവാദമാണല്ലോ. അർജുനൻ അതു വിശ്വാ സശ്രദ്ധയോടെ കേട്ടു. അതിന്റെ സന്ദേശം മനസ്സിലാക്കി ഇട ക്കിടയ്ക്കു പ്രസക്തമായ ചോദ്യങ്ങളും അന്വേഷണങ്ങളും ഉന്നയിച്ചു. അവയ്ക്കെല്ലാം മറുപടി പറഞ്ഞുകൊണ്ട് കൃ ഷ്ണൻ തന്റെ സഹജമായ പ്രാവീണ്യത്തോടെ എല്ലാം വിവ രിച്ചുകൊടുത്തു; കൂട്ടത്തിൽ അന്നു നിലവിലിരുന്ന പ്രസക്ത വും ഉപോദ്ബലകവുമായ പല വിചാരപ്രക്രിയകളും അവ തരിപ്പിയ്ക്കാൻ പാർഥന്റെ ഗുരു വിട്ടുപോയതുമില്ല. ഇങ്ങനെ ആ സംവാദം കൂടുതൽ വ്യാപകവും ആകർഷകവുമായ അ ധ്യാത്മസംഹിതയായിത്തീർന്നു.

ഒരു അവസരത്തിൽമാത്രം പ്രയോഗിയ്ക്കാവുന്നതെന്ന തിൽക്കവിഞ്ഞ്, ഗീത മാനവജീവിതത്തിന് എത്രയോ ഏറെ സ്പന്ദമാനവും സദാപ്രസക്തവുമായ തത്ത്വമൂല്യസിദ്ധാന്ത

മായി ശോഭിയ്ക്കുന്നു. മാത്രമല്ല എല്ലാവിധ സമ്പർക്കങ്ങളും അവയുടെ അവസാനലക്ഷ്യസിദ്ധിയും, സുഗമവും സുസാധ്യവുമാക്കാനുള്ള പൂർണപ്രബന്ധമാണ് ഭഗവദ്ഗീത.

ഓരോ വ്യക്തിയും പയറ്റുന്ന ജീവിതയുദ്ധത്തെക്കുറിച്ചുള്ള സമഗ്രവിവരണവും മാർഗനിർദേശവുമാണ് ഈ രണഭൂമി സംവാദം. ഇവിടെയാണ് ഭഗവദ്ഗീതയുടെ സാർവജനീനമായ പ്രായോഗികത മിന്നിത്തിളങ്ങുന്നത്. രംഗം രണഭൂമിയും മഹായുദ്ധവുമായതിനാൽ, ഇതു ശരിയ്ക്കും ഒരു ഭരണശാസ്ത്രനിധിയുംതന്നെ!

ഭഗവദ്ഗീത മതോപദേശമല്ല. മറിച്ച്, ജീവിതത്തിന്റെ പ്രായോഗികപ്രശ്നങ്ങളേയും അവയ്ക്കുള്ള അന്തിമപരിഹാരത്തേയും കുറിച്ചുള്ള ഗാഢവും സമഗ്രവുമായ കൃത്യനിർവഹണശാസ്ത്രമാണ്. വിഷയകമോ വിഷയികമോ ആയ ഏതു പ്രശ്നവും ആദ്യം ഉദിയ്ക്കുന്നതു മനസ്സിലാണ്. അതിനുള്ള പരിഹാരമോ, എപ്പോഴും ബുദ്ധിയിലാണ് തെളിയേണ്ടതും. ബുദ്ധിയ്ക്കുമാത്രമേ മനസ്സിൽ സ്വാധീനം ചെലുത്തി, അതിന്റെ വൈകാരികവൈരുധ്യങ്ങളെ പരിഹരിയ്ക്കാനാകൂ.

കുരുക്ഷേത്രരംഗം, അത് ഉന്നയിച്ച വൈരുധ്യം, ഉടനടി അത് ആവശ്യപ്പെട്ട ചികിത്സ, ഇതെല്ലാം മനസ്സിൽ നല്ലപോലെ നിറുത്തിയാലേ ഈ മഹദ്ഗ്രന്ഥത്തിന്റെ ഉള്ളിലേക്കിറങ്ങിച്ചെന്ന്, അതിനെ ലോകജീവിതത്തോട് ഇണക്കിയെടുക്കാൻകഴിയൂ.

മഹാഭാരതമെന്ന ഇതിഹാസം ഒട്ടാകെ ചരിത്രപരമായ വിവരണമാണ്. 700 സംസ്കൃതശ്ലോകങ്ങളടങ്ങുന്ന ഭഗവദ്ഗീത മഹാഭാരതത്തിന്റെ സുപ്രധാനഭാഗമത്രെ. ഗീതാസംവാദത്തിന് ഇടവരുത്തിയത്, യുദ്ധം തുടങ്ങുന്നതിനു തൊട്ടുമുമ്പുണ്ടായ പ്രബലമായ പ്രതിസന്ധിതന്നെ.

ശൗര്യവും അസമാനമായ യുദ്ധപാടവവും ഉണ്ടായിട്ടും, തന്റെ ധാർമികമായ സന്ദേഹവും ഭയമോഹഭ്രമങ്ങളും കൊണ്ട് അർജുനൻ തീരെ തളർന്നുപോയി. സ്വജനങ്ങളോട്,

പ്രത്യേകിച്ചും വയോവൃദ്ധനായ മുത്തച്ഛനോടും അങ്ങേയറ്റം ആദരിയ്ക്കുന്ന ആചാര്യനോടും, പൊരുതാൻ വിസമ്മതിച്ച പാർഥൻ പടക്കളംതന്നെ വിട്ടുപോകാൻ നിശ്ചയിച്ചു.

കൃഷ്ണന്റെ സന്ദേശം അർജുനനിലെ പ്രതിസന്ധി ചികിത്സിച്ചു പരിഹരിയ്ക്കാനായിരുന്നു. ഉടൻതന്നെ ആശയത്തെളിച്ചം കൈവന്ന്, തന്റെ ദൗത്യം നിർവഹിയ്ക്കാനുള്ള ഇരുത്തം പാർഥനു സിദ്ധിച്ചു.

തത്ത്വപ്രവചനമെന്ന നിലയ്ക്ക്, ഭഗവദ്ഗീത മനുഷ്യജീവിതത്തിന്റെ ആവശ്യങ്ങളേയും സാഫല്യത്തേയും പ്രതിപാദിയ്ക്കുന്നു. അവിടെ അപ്പോൾ മതത്തെക്കുറിച്ചു കേൾക്കാനോ, അതനുസരിച്ച് എന്തെങ്കിലും അനുഷ്ഠിയ്ക്കാനോ ഉള്ള അവസരമല്ലല്ലോ. താഴത്തുവെച്ച ആയുധങ്ങൾ എത്രയുംവേഗം തിരിച്ചെടുത്ത് അർജുനനു പോരുമായി മുമ്പോട്ടു പോകണമെന്നതായിരുന്നു സ്ഥിതി.

ഭഗവദ്ഗീത ചർച്ചചെയ്തു വെളിപ്പെടുത്തുന്നത്, ഒരുവന്റെ പ്രവൃത്തിയേയും വാക്കിനേയും വിചാരത്തേയും, അവയുടെ എല്ലാം ഏകസ്രോതസ്സായ ആത്മാവിലേയ്ക്ക്, 'ഞാൻ' എന്നു പരാമർശിയ്ക്കുന്ന താദാത്മ്യത്തിലേയ്ക്ക്, ഇണക്കിച്ചേർക്കുന്ന ഏറ്റവും സൂക്ഷ്മമായ കലയെയാണ്. ഇതു നമ്മുടെ വ്യക്തിത്വത്തിനുള്ള കഴിവും സാധ്യതയുമത്രെ. ഇതാണ് യോഗമെന്ന വാക്കിന്റെ ശരിയായ അർഥവും ലക്ഷ്യവും; ആന്തരമായ പരിണാമമാണ് ഇത്. അതിൽ ഉള്ളിലുള്ളതെല്ലാം അലിഞ്ഞ് ഇല്ലാതായി ആത്മാവെന്ന ഏക'വിഷയി'യിൽ ലയിച്ചുചേരുന്നു.

## ഇന്നത്തെ ലോകത്തിലുള്ള പ്രസക്തി

ലോകരാജ്യങ്ങൾക്കു ഭഗവദ്ഗീത വായിച്ച് ആവോളം ലാഭാന്വിതരാകാം, ശാശ്വതമായ ജ്ഞാനംകൊണ്ട് അതീവ ധന്യരുമാകാം. ഭീകരപ്രസ്ഥാനം ലോകത്തെ എമ്പാടും വിറപ്പിച്ചുകൊണ്ടിരിയ്ക്കയാണല്ലോ ഇപ്പോൾ. ശരിയായി ചിന്തിയ്ക്കുന്ന സ്നേഹശീലർ, പ്രത്യേകിച്ചും അധികാരസ്ഥാനങ്ങളിൽ

ഇരിയ്ക്കുന്നവർ, എങ്ങനെയാണ് ഭീകരവാദത്തെ സ്ഥൈര്യത്തോടെ നേരിട്ടു ലോകത്തെ രക്ഷിയ്ക്കുക? ഗീതയെ അടിസ്ഥാനമാക്കിയുള്ള ചർച്ചകളിൽ ഈ ചോദ്യത്തിനു പൂർണസ്ഥാനമുണ്ട്.

മനസ്സും ബുദ്ധിയും മാത്രമാണ് എന്തു പരിതഃസ്ഥിതിയേയും നേരിട്ട്, ശരിയായ ഉൾശക്തി വളർത്തിയെടുക്കാനുള്ളത്. ഈ ലക്ഷ്യം കൈക്കലാക്കാനായി ഭഗവദ്ഗീത ഓരോ താളിലും, ഓരോ ശ്ലോകത്തിലും ജനങ്ങൾക്കു വിവേകവും ആത്മബലവും നല്കിത്തുണയ്ക്കുന്നു.

ഭഗവദ്ഗീത ദത്തശ്രദ്ധരായി വായിയ്ക്കൂ. ഇതിലെ ഗാഢമായ തത്ത്വമൂല്യസന്ദേശങ്ങൾ പഠിയ്ക്കൂ. അതുവഴി കൂടുതൽ ആശയത്തെളിച്ചവും ഉൾവീക്ഷണവും നിശ്ചയദാർഢ്യവും ഉൾക്കൊള്ളൂ. നിങ്ങൾക്കു ജീവിതത്തെ അനുധാവനം ചെയ്യാനും, പല വ്യത്യസ്ത സമ്പർക്കങ്ങളേയും മാതൃകാപരമായ ആത്മവിശ്വാസത്തോടും ധൈര്യത്തോടുംകൂടി നേരിടാനും അതുവഴി കഴിയും.

ഗീതാശ്ലോകങ്ങൾ വാച്യാർഥംമാത്രമായി ലഭിച്ചാൽ അനുവാചകർക്ക് അവയുടെ ശരിയായ സന്ദേശം ഗ്രഹിച്ചുവേണ്ടത്ര ആത്മസാത്കരിയ്ക്കാൻ സാധിക്കില്ല. ഗീതയുടെ സന്ദേശത്തോടൊപ്പം, അതിലെ പ്രസക്തകാവ്യപങ്തികൾ ഉൾക്കൊള്ളുന്ന തത്ത്വമൂല്യങ്ങളും ലഭ്യമാക്കുന്നത്, ഈ ഗഹനസംവാദം ശരിയായി ഗ്രഹിയ്ക്കാനും, ഒരുവന്റെ ജീവിതത്തോട് ഇതിനെ ഇണക്കിയെടുക്കാനും സഹായിയ്ക്കുമെന്ന് എനിയ്ക്കു തോന്നി.

'എസെൻഷ്യൽ കോൺസെപ്റ്റ്സ് ഇൻ ഭഗവദ്ഗീത' എന്ന പേരിൽ ഞാൻ 6 വോള്യൂങ്ങളുള്ള പരമ്പര പ്രസിദ്ധീകരിച്ചിട്ടുണ്ടല്ലോ. അതിൽ ഗീതാസന്ദേശത്തിലുള്ള വിവിധ പ്രത്യയങ്ങളെ, മുൻപിൻപ്രസ്താവനകളോട് ഇണക്കി പ്രതിപാദിച്ചിരിയ്ക്കയാണ്.

ഈ പുസ്തകം എഴുതുന്നതിൽ എന്റെ ഉദ്ദേശം ഓരോ

ശ്ലോകത്തിനും ചുരുങ്ങിയ വിവരണംനല്കി അതിലെ ഉള്ള ടക്കം വിശദമാക്കണമെന്നാണ്. അപ്പോഴേ പരമാവധി ജന ങ്ങൾക്ക്, വിശേഷിച്ചും ഭരണാധികാരികൾക്കും വ്യവസായ കുതുകികൾക്കും കർമവ്യഗ്രരായ മറ്റു പലർക്കും, ഭഗവദ്ഗീത യിലുള്ള തത്ത്വമൂല്യങ്ങൾ സുഗമമായി ഗ്രഹിച്ച് അനുവർ ത്തിയ്ക്കാനും, അതിൽനിന്ന് ഉത്സാഹവും ആശയത്തെളിച്ച വും കൈവരാനും സാധിയ്ക്കൂ.

**ഇന്ത്യ നിലനിറുത്തിപ്പോന്ന സംസ്കാരപൈതൃകമഹിമ**

ഭഗവദ്ഗീത ചരിത്രപരമായി എഴുതീട്ടുള്ള ഗ്രന്ഥമാണ്. ഭാര തീയജനത എണ്ണമറ്റവർഷങ്ങളായി അത്യന്തം വാഞ്ഛയോ ടെ കാത്തുസൂക്ഷിച്ചു സന്തോഷിച്ചു പോരുന്നതാണ് ഈ മഹ ത്സംവാദവും മഹദ്ഗ്രന്ഥവും. അവരുടെ സൂക്ഷിപ്പ്, വായന ശാലകളിലോ വിദ്യാഭ്യാസകേന്ദ്രങ്ങളിലോ അല്ല; മറിച്ച്, അ വരവരുടെ ഹൃദയങ്ങളിലത്രെ; അതേ, മനസ്സിലും സംഭാഷ ണങ്ങളിലും. അത്യപൂർവമായ ഈ തനിമ ലോകത്തുതന്നെ വേറെയെവിടെയെങ്കിലും കാണുമോ എന്നു സംശയമാണ്. ഈ വെളിച്ചത്തിൽവേണം ആരും ഭഗവദ്ഗീത വായിച്ചു ഗ്രഹി ച്ചു ചിന്തിച്ചുനോക്കാൻ.

ഈ പുസ്തകം എത്രയും ജനങ്ങൾ വായിച്ച്, ഭഗവദ്ഗീത യെക്കുറിച്ചു മനസ്സിലാക്കാനും, അതിലെ സന്ദേശങ്ങൾ വിചി ന്തനംചെയ്ത് ഉൾക്കൊള്ളാനും ഇടവരട്ടെ. അതുവഴി കൂടു തല്ക്കൂടുതൽ പേർ, ജീവിതമെന്താണ്, ലോകവും എന്ത്, എന്നാലോചിച്ചു തീരുമാനിയ്ക്കാൻ പ്രേരിതരാകട്ടെ. അങ്ങ നെ അവർക്കു ജീവിതത്തേയും ലോകത്തേയും ബുദ്ധിപ രമായി സമീപിച്ചു സമാജത്തെ തുണയ്ക്കാനും, സ്വയം സ ന്തോഷവും സാഫല്യവും നുകരാനും സാധിയ്ക്കട്ടെ!

**സ്വാമി ഭൂമാനന്ദതീർഥർ**

നാരായണാശ്രമതപോവനം
ഒക്ടോബർ 2019

യോഗം എന്നുവെച്ചാൽ ചേരൽ, കൂടിച്ചേരൽ. അതു നമ്മുടെ ഇടുങ്ങിയ അഹങ്കാരതാദാത്മ്യത്തെ ശരിയായ ആന്തരവ്യാപനമായ ആത്മസത്തയിൽ അലിച്ചുചേർക്കുന്ന കലയും ശാസ്ത്രവും പ്രക്രിയയുമാണ്. ശരിയായ യോഗം അതിനാൽ ബാഹ്യ അനുധാവനമേ അല്ല; മറിച്ച്, മനസ്സിനേയും ബുദ്ധിയേയുമാകെ പരിവർത്തനപ്പെടുത്തിക്കൊണ്ട് ഉള്ളിൽ ശീലിയ്ക്കേണ്ട പ്രക്രിയയാണ്.

ഭഗവദ്ഗീതയിലെ പതിനെട്ട് അധ്യായങ്ങളിൽ ഓരോന്നും ലക്ഷ്യംവെയ്ക്കുന്നത് ഒരേ പ്രക്രിയയേയും സഫലീകരണത്തേയുംതന്നെ. ഇതു സൂചിപ്പിച്ചുകൊണ്ടാണ് അതിന് ഓരോ യോഗമെന്ന പേരും നല്കീട്ടുള്ളത്.

ഓരോ യോഗവും ചർച്ചചെയ്യുന്നതു ജീവിതത്തിന്റേയും സമ്പർക്കങ്ങളുടേയും വ്യത്യസ്തമായ ഓരോ വശത്തെത്തന്നെ; എന്നിട്ട് അവയെയെല്ലാം, പരമ ഏകത്വമെന്ന സർവ്യാപനത്തിലേയ്ക്കു നയിയ്ക്കത്തക്കവിധം, ഇടമുറിയാത്ത അനുധാവനമായി രൂപാന്തരപ്പെടുത്തിയെടുക്കാമെന്നും വിശദമാക്കുന്നു.

# വിഷയവിവരം


അധ്യായം 1 – **അർജുനവിഷാദയോഗം** 1
ദു:ഖത്തെ യോഗസാധനയാക്കൽ

അധ്യായം 2 – **സാംഖ്യയോഗം** 49
ആത്മവിചാരശീലമെന്ന യോഗസാധന

അധ്യായം 3 – **കർമയോഗം** 129
സർവപ്രവൃത്തികളേയും യോഗസാധനയാക്കൽ

അധ്യായം 4 – **ജ്ഞാനയോഗം** 179
ജ്ഞാനത്താൽ പ്രവൃത്തികളെ സംന്യസിയ്ക്കൽ

അധ്യായം 5 – **സംന്യാസയോഗം** 227
ആന്തരസംന്യാസമെന്ന യോഗം

അധ്യായം 6 – **ധ്യാനയോഗം** 259
ധ്യാനവും വിചാരവും വഴിയുള്ള യോഗസാധന

അധ്യായം 7 – **ജ്ഞാനവിജ്ഞാനയോഗം** 311
ജ്ഞാനവും ജ്ഞാനസാക്ഷാത്കാരവും

അധ്യായം 8 – **അക്ഷരബ്രഹ്മയോഗം** 345
അനശ്വരസത്യത്തെ ഉണരൽ

അധ്യായം 9 – **രാജവിദ്യാരാജഗുഹ്യയോഗം** 377
രാജവിദ്യയും രാജഗുഹ്യവുമായ യോഗം

# വിഷയവിവരം


അധ്യായം 10 – **വിഭൂതിയോഗം** 415
ദിവ്യത്വത്തെ അതിന്റെ വൈഭവങ്ങളിലൂടെ ഉണരൽ

അധ്യായം 11 – **വിശ്വരൂപദർശനയോഗം** 461
വിശ്വരൂപം വെളിപ്പെടുത്തൽ

അധ്യായം 12 – **ഭക്തിയോഗം** 519
ഭക്തിയുടെ പരിശീലനവും സിദ്ധിയും

അധ്യായം 13 – **ക്ഷേത്രക്ഷേത്രജ്ഞവിഭാഗയോഗം** 543
വിഷയമണ്ഡലവും വിഷയിയും തമ്മിലെ വ്യത്യാസം

അധ്യായം 14 – **ഗുണത്രയവിഭാഗയോഗം** 581
പ്രകൃതിയുടെ മൂന്ന് ഗുണങ്ങളെ അറിഞ്ഞ്
തരണംചെയ്യൽ

അധ്യായം 15 – **പുരുഷോത്തമയോഗം** 611
ഉൾനിവാസിയെ ഉണരൽ

അധ്യായം 16 – **ദൈവാസുരസമ്പദ്വിഭാഗയോഗം** 639
ദൈവാസുരസമ്പത്തുകളെ തിരിച്ചറിയൽ

അധ്യായം 17 – **ശ്രദ്ധാത്രയവിഭാഗയോഗം** 667
മൂന്ന് ഗുണങ്ങൾ അണയ്ക്കുന്ന സ്വഭാവമൂല്യങ്ങൾ

അധ്യായം 18 – **മോക്ഷസംന്യാസയോഗം** 699
മോക്ഷം അഥവാ സംന്യാസമെന്ന യോഗം

## അക്ഷരവിന്യാസം

അക്ഷരവിന്യാസത്തിലെ ചില ക്രമീകരണങ്ങൾ മുൻകൂട്ടിത്തന്നെ പ്രസ്താവിയ്ക്കുന്നതാണല്ലോ നല്ലത്. ഇവ പാലിയ്ക്കാൻ ആവോളം ശ്രദ്ധിച്ചിട്ടുണ്ടെന്നേ പറയാനാകൂ; കാരണം, പഴംപരിചയം അത്ര എളുപ്പം വിട്ടൊഴിയുന്നതല്ല.

1. **ർ** എന്ന ചില്ലിനെത്തുടർന്നുള്ള **ക ച ട ത പ** എന്നീ അഞ്ചക്ഷരങ്ങളെമാത്രമേ ഇരട്ടിച്ചിട്ടുള്ളൂ - ***അർക്കൻ, അർച്ചന, പാർട്ടി, വാർത്ത, അർപ്പണം.***

2. **ർ** ചില്ലിനു ശേഷം, ***അതിഖര***ങ്ങളെ ശക്തമാക്കാനായി, അതേവർഗത്തിലെ *ഖര*ത്തിനെ കൂട്ടുപിടിയ്ക്കുന്നതുകൊണ്ടു പ്രത്യേകഫലം ഉണ്ടോ? അതിനാൽ, **അർഥം, പാർഥൻ** എന്നൊക്കെയേ വിന്യസിച്ചിട്ടുള്ളൂ; ***ഘോഷാക്ഷര***ങ്ങളുടെ കാര്യവും ഇതുപോലെതന്നെ: **അർധം, വർധന.** മൃദുക്കളേയും ഇരട്ടിയ്ക്കുന്നതാവശ്യമായി തോന്നാത്തതിൽ അനൗചിത്യമില്ലല്ലോ. ***മാർദവം, പർണശാല, പർവതം*** എന്നേ ഉപയോഗിച്ചിട്ടുള്ളൂ.

3. ഘോഷാക്ഷരങ്ങളെ ഉറപ്പിയ്ക്കാനായി മൃദുവിന്റെ കൂട്ട് ആവശ്യമാണോ? ***അയോധ്യ***യിലില്ലാത്തത് ***അയോദ്ധ്യ***യിലെങ്ങനെ വരും? ***വധ്യൻ*** പോരേ, ***വദ്ധ്യൻ***തന്നെ വേണമോ?

4. **യ, ല** എന്നീ അക്ഷരങ്ങളോടു ചേർന്നുനില്ക്കുന്ന ഖരങ്ങൾക്ക് ഇരട്ടിപ്പുണ്ട്: **പൊയ്ക്കൊൾക, വല്ക്കലം** (പൊയ്ക, പുല്കുക ഇവ അപവാദങ്ങൾ). എന്നാൽ **ആഴ്ച, പുഷ്കരൻ, നിഷ്കാമം, നിഷ്കിഞ്ചനൻ, ഭാസ്കരൻ, നിശ്ചയം** ഇവയിലൊന്നും ഇരട്ടിപ്പില്ലതാനും.

5. **അദ്ഭുതം, പദ്മനാഭൻ, ഉദ്ഘാടനം, ഉദ്ബോധനം** എന്നിവയിൽ **ഖരമൃദു**ക്കൾ ചേരുമ്പോഴത്തെ ഉച്ചാരണസൗകര്യവും പരിചയവുമല്ലേ ശരിയായ വ്യവസ്ഥ?

6.***അടക്കുക***പോലെയല്ലല്ലോ ***അടയ്ക്കുക. കായ്ക്കുന്ന*** മരം ***കാക്കുന്ന***തായാൽ, കായ നമുക്കു ലഭിയ്ക്കുന്നതിനു പകരം, കാവല്ക്കൂലി അങ്ങോട്ടു കൊടുക്കേണ്ടിവരും! അതുപോലെ ***കയ്ക്കുന്ന***തിനുപകരം ***കക്കുന്ന***തായാൽ, ഭക്ഷണ സാധനങ്ങളിൽ കള്ളന്മാർ കടന്നുകൂടും; എന്തായിരിയ്ക്കും ആ ദുർഘടം?

***പഠിക്കുക*** ശരിയോ, ***പഠിയ്ക്കുക*** എന്നുതന്നെ വേണ്ടേ? ***ആലോചിയ്ക്കുന്നതിനു*** പകരം, ***ആലോചിക്കുക*** എന്നെഴുതിയാൽ, മധ്യകേരളത്തിന്റെ ഇരുപുറവും, കൂട്ടത്തിൽ ഇനി ചിലതും വട്ടംതിരിഞ്ഞുകളയും. ഭൂതകാലത്തിൽ ***ച്ചു*** എന്നുവരുന്ന ക്രിയാപദങ്ങളെ വേറെ ഉച്ചരിച്ചു പഠിപ്പിയ്ക്കാത്തിടത്തോളം, ***യ്ക്ക*** എന്നുച്ചരിയ്ക്കേണ്ട പദങ്ങളിലെല്ലാം, ***ക്ക*** എന്നെഴുതി കുട്ടികളെ കഷ്ടപ്പെടുത്തുന്നതോ, മുതിർന്നവരെ നാണംകെടുത്തുന്നതോ ഭാഷാജനനിയെ വല്ലാതെ വേദനിപ്പിയ്ക്കയേയുള്ളു.

***നടന്നു***ള്ള സമ്മാനം, ***നടന്നുള്ള***തായാൽ, സമ്മാനത്തിന്റെകൂടെ ഒരു *നടനേ*യും കൊടുക്കേണ്ടിവരില്ലേ? രാമൻ, അവൻ തുടങ്ങി ***ൻ, ൽ*** എന്നിവയിൽ അവസാനിയ്ക്കുന്ന നാമപദങ്ങൾക്കു സംബന്ധികാവിഭക്തി ചേർക്കുമ്പോൾ, ***നു*** എന്നതിനുപകരം, ***ന്നു*** എന്നുതന്നെവേണം. പ്രത്യേകിച്ചും സ്വരങ്ങൾ ചേരുമ്പോൾ.

ദശരഥപുത്രന്മാരിൽ ***ശ്രീരാമനാ***യിരുന്നു പ്രഥമൻ; ദശരഥപുത്രന്മാരിൽ ***ശ്രീരാമന്നാ***യിരുന്നു പ്രഥമസ്ഥാനം. ***രാമനി***ല്ലാത്ത അയോധ്യ ***ഭരതന്നി***ഷ്ടമല്ല. ***രാമന്നി***ല്ലാത്ത വിരഹം ആർക്കുണ്ടാകാൻ? ***സുഗ്രീവനു***ള്ള കിഷ്കിന്ധയും ***സുഗ്രീവന്നു***ള്ള ആജ്ഞാശക്തിയും; ഇതൊക്കെ വ്യത്യാസപ്പെടുത്തിവേണം പറയാനും എഴുതാനുമെന്ന് ആരാണ് സമ്മതിയ്ക്കാതിരിയ്ക്കുക?

8. **ആ, ഉ, ഒ, ഓ** എന്ന് അവസാനിയ്ക്കുന്ന നാമശബ്ദങ്ങൾക്കു ചേർക്കുന്ന പ്രത്യയം പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാണ്: **പിതാവിന്, ആത്മാവിന്, ഋതുവിന്, ഗോവിന്, പശുവിന്, ബാബാവിന്** എന്നതിനുപകരം, **പിതായ്ക്ക്, ആത്മായ്ക്ക്, ചിക്കാഗോയ്ക്ക്, ബാബായ്ക്ക്** എന്നെല്ലാം വരുത്തിത്തീർക്കുന്നതു വലിയ ഭാഷാപവാദമല്ലേ ആകൂ. പരിഷ്കാരവാഞ്ഛയുടെ പേരിൽ, പവിത്രതാകൗതുകം ഹനിയ്ക്കപ്പെടുന്നതു ശരിയല്ലല്ലോ.

ഐക്യകേരളം വന്നു കുറേ കാലമായി, പക്ഷേ ഭാഷ പഠിപ്പിയ്ക്കുന്നതിലും പദങ്ങൾ ശരിയായി എഴുതുന്നതിലും ഈ ഐക്യബോധം നിലനിർത്താനുള്ള വ്യഗ്രത മുഴുവനും കാണുന്നുണ്ടോ? ഭാഷ ചിരഞ്ജീവിയാണ്, അതിനെ എത്രയും പവിത്രമാക്കി പരിരക്ഷിയ്ക്കുന്ന കാര്യത്തിൽ ആർക്കും സംശയമോ അശ്രദ്ധയോ ഉണ്ടാകരുത്.

*****

## ഒന്നാം അധ്യായം

# അർജുനവിഷാദയോഗം

ദു:ഖത്തെ യോഗസാധനയാക്കൽ

**ധൃതരാഷ്ട്ര ഉവാച**

**ധർമക്ഷേത്രേ കുരുക്ഷേത്രേ**
**സമവേതാ യുയുത്സവഃ**
**മാമകാഃ പാണ്ഡവാശ്ചൈവ**
**കിമകുർവത സഞ്ജയ** (1)

**ധൃതരാഷ്ട്രൻ പറഞ്ഞു: അല്ലേ സഞ്ജയ, തപസ്സിനും ധർമത്തിനും നിദാനമായ കുരുക്ഷേത്രത്തിൽ പട പൊരുതാനുള്ള വെമ്പലോടെ വന്നെത്തിയ മത്പുത്രരും പാണ്ഡവരും എന്തുചെയ്തു?**

അഭൂതപൂർവമായ മഹാഭാരതയുദ്ധം ആസന്നമായിരിയ്ക്കേ, വ്യാസദേവൻ ഹസ്തിനപുരത്തിൽച്ചെന്നു തന്റെ അന്ധപുത്രൻ ധൃതരാഷ്ട്രമഹാരാജനോടു പറഞ്ഞു: "അതിഭ്യൂഹത്തായ ഈ യുദ്ധം നിനക്കു കാണണമെന്നുണ്ടെങ്കിൽ ഞാൻ അതിനായി ദിവ്യദൃഷ്ടി തരാം".

ധൃതരാഷ്ട്രൻ മറുപടി പറഞ്ഞു: "ആരാണ് തന്റെ മക്കൾ ഒന്നൊന്നായി രണഭൂമിയിൽ വീഴുന്നതു കാണാൻ ഇഷ്ടപ്പെടുക? അതിനാൽ എനിയ്ക്കു ദിവ്യദർശനം വേണ്ട."

അപ്പോഴാണ് മഹർഷി, രാജാവിന്റെ വിശ്വസ്തമന്ത്രിയായ സഞ്ജയനു ദിവ്യശക്തി നല്കി പറഞ്ഞത്: "നിനക്കു സ്വതന്ത്രമായി, ആരും കാണാതെ, ഒരു പോറലുമേല്ക്കാതെ രണഭൂമിയിൽ പോർപ്പാളയങ്ങളിലടക്കം എവിടെ എന്തു നടക്കുന്നതും നേരിട്ടു കാണാൻകഴിയും. അങ്ങനെ യുദ്ധവൃത്താന്തമെല്ലാം രാജാവിനെ വിശദമായി ഉണർത്തിയ്ക്കുക."

അതനുസരിച്ചു സഞ്ജയൻ വിവരണം ആരംഭിച്ചു. രാജാവിനോട് ആദ്യമായി ഭാരതത്തിന്റെ ശ്രേഷ്ഠതയും ഐശ്വര്യവും മേന്മയുമാണ് വിവരിച്ചത് – സർവോപരി ഇവിടത്തെ ഉന്നതപർവതങ്ങൾ, പവിത്രനദികൾ, തീർഥയാത്രാകേന്ദ്രങ്ങൾ, അതാതു സ്ഥലപുരാണങ്ങളും മഹിമകളും, എല്ലാംതന്നെ സഞ്ജയൻ വിശദമായി കേൾപ്പിയ്ക്കാൻ തുടങ്ങി.

തത്സമയം യുദ്ധം ആരംഭിച്ചു. ഉടൻ വിവരണം നിർത്തി സഞ്ജയൻ കുരുക്ഷേത്രത്തിലേയ്ക്കു കുതിച്ചു, അവിടത്തെ സംഭവവികാസങ്ങൾക്കു സാക്ഷിയാകാൻ. ഒമ്പതുദിനംകഴിഞ്ഞു. അജയ്യനായ പിതാമഹൻ ഭീഷ്മൻ അർജുനശരങ്ങളേറ്റു രഥത്തിൽനിന്നു വീണു. ആ കാഴ്ച സഹിയ്ക്കാൻവയ്യാതെ സഞ്ജയൻ ഓടിച്ചെന്നു രാജാവിനെ വിവരം അറിയിച്ചു.

ഇതുകേട്ട ധൃതരാഷ്ട്രന്റെ മനസ്സാകെ പതറി. ഒട്ടേറെ സംശയങ്ങൾ, ആലോചനകൾ, അന്വേഷണങ്ങൾ അതിൽ പാഞ്ഞുകയറി: 'ധർമബുദ്ധിയും സദാചാരനിരതനുമായ അർജുനൻ എങ്ങനെ ഈ കൊടുംപാപം ചെയ്തു, അവന് ഇതു സംബന്ധിച്ച് ഒരു സംശയവും വിഷമവും തോന്നിയില്ലേ, അതൊക്കെ എങ്ങനെ പരിഹരിച്ചു?

'തത്ത്വജ്ഞനായ കൃഷ്ണൻ അവിടെ ഉണ്ടല്ലോ, അർജുനന്റെ തൊട്ടടുത്തുതന്നെ. എന്തു സ്ഥിതിവിശേഷവും കൈകാര്യംചെയ്യാനുള്ള കഴിവ് കൃഷ്ണന്നുണ്ട്. അർജുനനെ ഉപദേശിയ്ക്കാൻ കൃഷ്ണൻ മതി. യുദ്ധം തുടങ്ങുംമുമ്പേ വല്ല ധാർമികചർച്ചയും അവിടെ നടന്നുവോ, ഉവ്വെങ്കിൽ സഞ്ജയ, അത് ആദ്യമായി എന്നെ കേൾപ്പിയ്ക്കൂ. എന്റെ ഹൃദയത്തിനു കുറച്ചു സമാധാനവും ശക്തിയും ഉണ്ടാകട്ടെ. അപ്പോഴേ ഇനി നീ പറയാൻപോകുന്ന യുദ്ധവിവരണങ്ങൾ കേൾക്കാൻ എനിയ്ക്കു കരുത്തുണ്ടാകൂ.'

ഇങ്ങനെയാണ് ധൃതരാഷ്ട്രൻ സഞ്ജയനോടു ഗീതാശാസ്ത്രത്തിലെ ആദ്യശ്ലോകം ഉന്നയിച്ചത്.

ഭഗവദ്ഗീതയിലെ 700 ശ്ലോകങ്ങളിൽ ഈ പ്രഥമശ്ലോകം മാത്രമാണ് അന്ധമഹാരാജാവിന്റെ മൊഴി. അതിലടങ്ങുന്ന അന്വേഷണം വളരെ പ്രധാനമാണ്. കാരണം, അവിടെ നടന്ന സംവാദത്തിന്റെ താളവും സ്വരവും നിശ്ചയിച്ചത് അതാണ്. കുരുക്ഷേത്രത്തിനു 'ധർമക്ഷേത്രം'എന്ന പ്രസിദ്ധി പണ്ടേയുണ്ട്. എന്തെന്നാൽ, ധർമത്തിന്റെ വിളനിലവും നിദാനവുമാണത്. മനുഷ്യജീവിതത്തെ നയിയ്ക്കാനും ഭരിയ്ക്കാനുമുള്ള സദാചാരസംഹിതയാണ് ധർമം. ധൃതരാഷ്ട്രന്റെ പൂർവ

ജൻ കുരു, ദീർഘകാലം തപസ്സുചെയ്തതിന്റെ ഉദാത്തവും പാവനവുമായ സ്വാധീനങ്ങൾ കുരുക്ഷേത്രത്തെ വലയം ചെയ്ത് അനുഗ്രഹിച്ചിരുന്നു.

മഹാഭാരതയുദ്ധം ഇങ്ങനെ പവിത്രവും തപോമയവുമായ സ്ഥലത്താണ് നടന്നത്. ഇതു ധർമത്തിനും സദാചാരനിഷ്ഠയ്ക്കും ചേർന്നതുതന്നെ. ദൃശ്യഘടകങ്ങളെ കവച്ചുവെച്ചു പ്രവർത്തിയ്ക്കുന്ന ഒരു ദിവ്യസ്പന്ദനം കുരുക്ഷേത്രയുദ്ധത്തിൽ ആദ്യന്തം കാണാം.

തന്നോടു തെല്ലും ശത്രുതയില്ലാത്ത, മാത്രമല്ല തന്റെ പക്ഷത്തെ വിജയിയ്ക്കാൻ അനുഗ്രഹിയ്ക്കുന്ന, പിതാമഹനെ അർജുനൻ അമ്പെയ്തു വീഴ്ത്തിയതെങ്ങനെ, അതു ശരിയോ? ഇതിലെ ധാർമികതയെന്തെന്ന് അറിയാൻ അന്ധരാജാവ് ആഗ്രഹിയ്ക്കുന്നു. അർജുനനും പിതാമഹനോടു തെല്ലും നീരസമോ അപ്രീതിയോ ഇല്ല. എപ്പോഴും താൻ പിതാമഹനെ ആരാധിച്ച് അനുഗ്രഹങ്ങൾ തേടുന്നവനാണ്! എന്നിട്ടും അദ്ദേഹത്തെ വീഴ്ത്തിയതെങ്ങനെ?

ഇത്തരം ധർമസങ്കേതത്തിൽ, ധർമക്ഷേത്രമായ കുരുക്ഷേത്രത്തിൽ, അവസാനം എന്തു നടക്കുന്നുവോ അതു ധർമാനുസൃതമേ ആകൂ. പ്രകൃതിയുടെ അതിസൂക്ഷ്മമായ ഗതിയാണത്.

തന്നേയും തന്റെ സേനയേയുംകുറിച്ചു ദുര്യോധനന് എന്തെല്ലാം തോന്നലും ഉത്സാഹവുമാണോ ഉണ്ടായിരുന്നത്, അതിനു വിപരീതമായാണ് താൻ ഓരോ ചുവടും വെച്ചത്. സ്വന്തം നിലപാടിനെ തകർക്കുന്നതും, യുധിഷ്ഠിരപക്ഷത്തെ ശക്തിപ്പെടുത്തുന്നതുമായിരുന്നു അതെല്ലാം.